(ഡി & ഇ) ലോകബാങ്കിൽ നിന്ന് റോഡു വികസനത്തിന് 1250 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞ പലിശനിരക്കും തിരിച്ചടവിന് ദീർഘമായ കാലാവധിയുമുള്ള ഈ വായ്പ റോഡുവികസനത്തിന് പ്രയോജനം ചെയ്യുന്നതാണ്.

ആഗോള തൊഴിലവസരങ്ങളറിയിക്കാൻ സംവിധാനം

13 (*393) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള വ്യാപകമായി തൊഴിൽ മാർക്കറ്റിൽ ഉണ്ടാകുന്ന ഡിമാന്റിനെപ്പറ്റി പഠിക്കാനും തൽസമയം വിദേശങ്ങളിൽ ആവശ്യമായിവരുന്ന തൊഴിലിന്റെ സ്വാഭാവത്തെപ്പറ്റി സംസ്ഥാനത്തെ വിദേശ തൊഴിലന്വേഷകരെ അറിയിക്കുവാനും എന്തെങ്കിലും സംവിധാനം നിലവിൽ ഉണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ & ബി) വിദേശത്തേയ്ക്ക് തൊഴിലിനായി ആളുകളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നതിന് കേരള സർക്കാർ, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസിനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. അവർക്ക് ലഭിക്കുന്ന, തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പുമുഖേന പത്രക്കുറിപ്പായി പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ട്.

പുതിയ താലൂക്കുകൾ

14 (*394) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി താലൂക്കുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ & ബി) പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനുശേഷമുള്ള ഭരണപരമായ

LIBRARY ARCHIVES Kerala Legislative Assembly